വിലപേശൽ

ശാസ്ത്രകലാ ജാഥയിലെ ഗാനങ്ങൾ

കേരള
ശാസ്ത്ര സാഹിത്യ
പരിഷത്ത്

1983 ഒക്ടോബർ 2–ാംതീയതി കാലടിയിൽനിന്നും തൃശൂരിൽ നിന്നും ആരംഭിച്ച് നവംബർ 7–ാംതീയതി വെഞ്ഞാറമൂട്ടിലും കരിവെള്ളൂരും സമാപിക്കുന്ന കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കലാജാഥകളിൽ അവതരിപ്പിക്കുന്ന ഗാനങ്ങൾ.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

അച്ചടി : ശാരദാ പ്രിൻറിംഗ് പ്രസ്സ്
തിരുവനന്തപുരം–3

വില : ഒരു രൂപ

KSSP 25/836 SKJ/36 D/8 2/3000

വിലപേശൽ

കര വെള്ളൂർ മുരളി

സംഘം I
അശകൊശലേ വീടുണ്ടോ
കൊശലോ ശാരം ആളുണ്ടോ
ആളിനൊന്നിന് വോട്ടുണ്ടോ
ആളോ വോട്ടോ ഞങ്ങൾക്ക് തന്നീ–
നാടുനന്നാക്കുന്നുണ്ടോ.

സംഘം II
അശകൊശലേ വീടില്ല
വീട്ടിലെങ്ങും ആളില്ല
ആള്ക്കൊന്നിന് വോട്ടുണ്ടെങ്കി–
ലാ വോട്ടു തരുവാൻ മനസ്സില്ല.

സംഘം I
തറുതലകൾ പറയരുതേ
അരുമകളേ മുഷിയരുതേ
കളിയരുതേ കാര്യംപറയണം
തുകയോ തുണയോ എന്തെന്നാകിലും
അതുതരുവേൻ പൊതുജനമേ.

സംഘം II
അശകൊശലേ കളിയല്ല ഇനി–
കളയാനൊരു ഞൊടിയില്ല
ആളിതൊന്നിനു തലയെണ്ണി
തുകയോ തുണയോ വോട്ടൊന്നിന്നും
തരുവാനെത്രവകക്കുണ്ട്.

സംഘം I
ഒരു വീട്ടിന്നൊരു പണിതരാം
അതിനൊരു വീട് കെട്ടിത്തരാം
മിച്ചഭൂമി പതിച്ചുതരാം
വോട്ടൊന്നു തരുമോ നാട്ടാരെ

സംഘം II ഒരു വീട്ടിന്നൊരു പണിപോരാ
വോട്ടൊന്നിന്നൊരു വീടുംപോരാ
വനഭൂമി പതിച്ചു തരേണം
വോട്ടു തരില്ല തമ്പ്രാക്കളേ

സംഘം I മുററത്തു കിടന്നാലും മുററമടികൊണ്ടാലും
ഞങ്ങളീവോട്ടുകൾ കൊണ്ടേപോകും

സംഘം II അശകൊശലേ മാറുന്നോ
കാലെങ്ങാനും മാറുന്നോ
മാറിവന്നാൽ ഒഴിവുണ്ട്
വനമോ സിമൻറോ വിദ്യാഭ്യാസമോ
കാശുകൊയ്യും വകയുണ്ട്

M. L. A. മാറണമോ തുകപറയൂ
മാറിവരാം നാളെ ഞാൻ
കാലുവാരുമോ മററന്നാൾ
കാലുകൾ പൂട്ടി താക്കോൽ നിങ്ങളെ
കയ്യിലേൽപ്പിച്ചീടാമോ?

സംഘം II ഒരു ഗോഡൗൺ സിമൻറ്തരാം
ഒരു ജില്ല വീതിച്ചുതരാം
പി. എസ്. സിയിലൊരു മെമ്പറെതരാം
കാലൊന്നുമാറി വന്നിടുമോ

സംഘം I ഒരു ഗോഡൗൺ സിമൻറ് പോരാ
ഒരു ജില്ല മാത്രം പോരാ
പി. എസ്. സിമെമ്പർ പോരേ പോരാ
കാലൊന്നുമാറി വന്നിടില്ല.

സംഘം II രണ്ടുമെംബർ കൂറുമാറി
പോയിരിപ്പൂ അപ്പുറത്ത്
ഒന്നുമെല്ലെ താങ്ങിനിർത്താൻ
വന്നിടുമോ കാലുമാറി

സംഘം	I	മുററത്തുകിടന്നാലും മുററമടികൊണ്ടാലും ഞങ്ങളിക്കാലുകൾ തന്നേക്കില്ല
സംഘം	II	മുററത്തുകിടന്നാലും മുററമടികൊണ്ടാലും ഞങ്ങളീകാലുകൾ കൊണ്ടേപോകൂ.

ഞാററുവേല

എസ്. പി. എൻ.

തിരിമുറിയാ മഴപെയ്യും നമ്മുടെ
തിരുവാതിരയിന്നെവിടെപ്പോയ്?

സംഘം : എവിടെപ്പോയ്....എവിടെപ്പോയ്
തിരുവാതിരയെവിടെപ്പോയ്
കർക്കിടകപ്പൂയത്തിനുമാത്രമി-
തെത്തുന്നെന്തേ പുതുവർഷം ?

സംഘം : എത്തുന്നെന്തേ പുതുവർഷം ?
കുടകൂടാതെനടക്കാൻ പററാ-
ത്തിടവപ്പാതികളിന്നെവിടെ ?
വൃശ്ചികമാസക്കാറെറവിടെകുളി-
രെത്തിക്കുന്നൊരു ധനുവെവിടെ ?
വിത്തും കൈക്കോട്ടും കൊണ്ടെത്തണ
വിഷുവൽ പക്ഷികളെവിടെപ്പോയ് ?
എവിടെപ്പോയി തുലാവർഷം പ-
ണ്ടിടിയും മഴയും പൊടിപൂരം.
ആതിരരാവിൽ കുളിച്ചുകുറിയിട്ടൂഞ്ഞലാ
ടിപ്പാടിടും
ശാലീനതയുടെ ചാരുതചേരും
കേരളഗ്രാമശ്രീയെവിടെ ?
തുമ്പികൾ വീണക്കമ്പികൾമീട്ടും

ചിങ്ങവസന്തശ്രീയെവിടെ ?
നമ്മുടെ നമ്മുടെ മാമലനാടേ
കേരളനാടേ നീയെവിടെ ?

ഒരാൾ കടന്നുവന്ന് : നിങ്ങളിങ്ങനെ എവിടെ എവിടെ എന്നു ചോദിച്ചിരുന്നിട്ടു കാര്യമില്ല. നിങ്ങൾ നിഷ്ക്രിയരായിരിക്കുന്നതാണ് ഇതിനൊക്കെ കാരണം. പ്രകൃതിയുടെമേലുള്ള കടന്നാക്രമണമാണ് വേണ്ടസമയത്ത് മഴകിട്ടാത്തതിനും വേണ്ടാത്തസമയത്ത് മഴയുണ്ടാകുന്നതിനും കാരണം. ഇതിനെതിരായി നമ്മൾക്കൊന്നിച്ചുചേരാം.
ചേരാമോ ?

സംഘം : ചേരാം
കക്കുന്നവരുടെ കൈവെട്ടാൻ
ശക്തിയെഴുന്നവരിനിടുണ്ട്
അലറിവരുന്നുണ്ടവരുടെ പടയണി
കരുതിയിരുന്നോ വഞ്ചകരേ
മരിച്ചുവീഴാൻ തയ്യാറായൊരു
ചാവേർപ്പടയുടെ വരവുണ്ട്
കരുതിയിരുന്നോ കാപാലികരേ
കൊള്ളക്കാരേ വഞ്ചകരേ !
കക്കുന്നവരുടെ കൈവെട്ടാൻ
ശക്തിയെഴുന്നവരിവിടുണ്ട്

കവിയോട്

മുല്ലനേഴി

നീലവാനം കനൽ കണ്ണു–
നീട്ടിനിൽക്കുന്നു
നീതിതേടും ജീവിതങ്ങൾ
നീറിനിൽക്കുന്നു.

പൂക്കൾ വിരിയും പുലരിയെവിടെ
പുഴകളൊഴുകും ഭൂമിയെവിടെ ?
പുതിയ പുരുഷാർത്ഥങ്ങൾ നേടാൻ
കുതികുതിക്കും ഹൃദയമെവിടെ ?

കടലുപാടും പാട്ടിലുണ്ടൊരു
കലിയിരമ്പുന്നു
കാടുചീററും കാററിലുണ്ടൊരു
പകപരക്കുന്നു
മനമെവിടെ ഭൂമിയെവിടെ ?
കത്തിനിൽക്കും തീമലയ്ക്കു–
മപ്പുറത്തെ സൂര്യനെവിടെ ?

ആർക്കുവേണ്ടി ?

മുല്ലനേഴി പി. കെ. ശിവദാസ്

സൂര്യനുദിക്കുന്നതാർക്കുവേണ്ടി
സൂര്യൻ ജ്വലിക്കുന്നതാർക്കുവേണ്ടി
പുഴയൊഴുകുന്നതും പൂവിരിയുന്നതും
മലയായ മലയൊക്കെ മുലചുരത്തുന്നതും
ചെടിയായ ചെടിയൊക്കെ പച്ചചൂടുന്നതും
കടലായ കടലൊക്കെ മീൻവളർത്തുന്നതും
വയലായ വയലൊക്കെ കതിരിട്ടുനിന്നതും
വനമായ വനമൊക്കെ കനകം വിളഞ്ഞതും
ഉയരത്തിൽ ചൂളകൾ പുകതുപ്പിനിന്നതും
ചോരയിൽ മരവിപ്പിൻ മായം കലർന്നതും
ആർക്കുവേണ്ടി ? മന്നിലാർക്കുവേണ്ടി ?
നിയമങ്ങളും നീതിശാസ്ത്രവും കലകളും
നിറതോക്കും ഓർക്കുവിൻ ആർക്കുവേണ്ടി

ഓരോന്നു മോരോന്നു മാർക്കുവേണ്ടി
എന്നു തീരുമാനിക്കേണ്ട നേരമായി.

സഭസ്സിൽ നിന്നൊരാരം:

പറയാം
എല്ലാം അവർക്കുവേണ്ടി
എല്ലാം അവർക്കുവേണ്ടി
നിയമഗ്രന്ഥവും ശാസനങ്ങളും
അവർക്കു സ്വന്തം
തടവറകളും ദണ്ഡനങ്ങളും
കനത്ത ശമ്പളം കൊടുത്തുനിർത്തിയ
പറഞ്ഞതുപോലെയനുസരിക്കുന്ന
ജയിലറൻമാരും ജഡ്ജിമാരും
അവർക്കു സ്വന്തം
അടിച്ചമർത്താനും നാവടക്കാനും
അച്ചുക്കൂടവും പത്രലോകവും
അവർക്കു സ്വന്തം........
കുറഞ്ഞ ശമ്പളം കൊടുത്തു നിർത്തിയ
പറഞ്ഞതുപോലെയനുസരിക്കുന്ന
കൂലിപ്പോലീസും പടയുമെല്ലാം
അവർക്കു സ്വന്തം........

[ഇത് ആവർത്തിച്ചു പാടുമ്പോൾ നേരത്തെ പിൻവാങ്ങിയിരുന്നവരിൽ രണ്ടുപേർ മാറി മാറി ''ആർക്കു സ്വന്തം?'' ''ആരാണവർ? എന്നു ചോദിച്ചുകൊണ്ട് വേദിയിലേക്കു കടന്നു വരുന്നു.]

അവർ നമ്മുടെ മുഖത്തു തുപ്പി
അവർ നമ്മുടെ മുഖത്തുതുപ്പി.
വീണ്ടും വീണ്ടും തുപ്പുന്നു.
അവരാർത്തു ചിരിക്കുന്നു
ആരാണവർ ?
അതിനാരാണവർ ?
അവരെ നിങ്ങൾക്കറിയാം

അവർ ആരാണെന്നും അറിയാം
അവർ നമ്മുടെ മുഖത്തു തുപ്പുന്നു.
കറുത്തഹൃദയം മൂടാനായ് ഒരു
വെളുത്തയങ്കിയണിഞ്ഞ്
നിഴലിൻ ചോട്ടിൽ പമ്മിക്കൂടുന്നവരെ–
യിവിടെ കാണാം
അവരിവിടെ കാണും.
അവർ തുപ്പുമ്പോൾ നിർവൃതിയോടെ
നിൽക്കാനാളുണ്ടിവിടെ
അവർക്കു തുപ്പാൻ വായപൊളിച്ചു
കൊടുക്കാനാളുണ്ടിവിടെ
അക്കോളാമ്പികൾ തുപ്പുമ്പോൾ
ആ മോന്തക്കിട്ടു തൊഴിക്കൂ.
അവരുടെ മോന്തക്കിട്ടു തൊഴിക്കൂ.
അവരുടെ കയ്യിൽ കള്ളപ്പൊന്നുണ്ടേ
ഉണ്ടേ, ഉണ്ടേ, കള്ളപ്പൊന്നുണ്ടേ
അവരുടെ കയ്യിൽ കൊള്ളപ്പണമുണ്ടേ
ഉണ്ടേ, ഉണ്ടേ, കൊള്ളപ്പണമുണ്ടേ
അവരുടെ കയ്യിൽ കള്ളപ്പൊന്നു–
ണ്ടവരുടെ കയ്യിൽ കൊള്ളപ്പണമു–
ണ്ടതിന്നു മാന്യത നൽകാൻ കൊട്ടിയ
വിളംബരം കേട്ടോ.
നീതിപീഠം തോട്ടിലെറിഞ്ഞവർ
നീതിനടത്തും പോലും!
ഹ ഹ ഹ ഹ!
നാം കുടിക്കുന്ന നീരിലെങ്ങും
പതുങ്ങിവാഴുമീയട്ടകളെ
നമ്മുടെ സിരകളിൽ കടിച്ചു
രുധിരം കുടിച്ചു വീർത്തട്ടകളെ
നട്ടെല്ലുതീരെയില്ലെങ്കിലും തല–
യനക്കീടുന്ന പോത്തട്ടകളെ
പറിച്ചെടുക്കൂ, ചതച്ചരയ്ക്കൂ.

തുടച്ചുമാററൂ!
അലകടലും ചുഴലിക്കാററും
തലകൊയ്യാനലറിവിളിപ്പൂ
ഗിരിശിഖരം തീതുപ്പുന്നു
ഇടിവാളുകളാർത്തലറുന്നു
കരിമുകിലുകൾ തീമഴപെയ്യാ–
നുയരങ്ങളിലൊത്തൊരുമിപ്പൂ
കട്ടപിടിച്ചുതടിച്ചു വരുന്നൊരുഗ്രതമസ്സി–
ന്നസ്ഥി തകർക്കാനഗ്നി കൊളുത്തൂ
                    ഞരമ്പിന്നിതളിൽ
ഒത്തുതെളിക്കൂഹൃത്തിൽ വൈദ്യുതി
അത്തീയമ്പുകൾ ആഞ്ഞാഞ്ഞെയ്തി–
ട്ടിക്കൂരിരുളിൻ മൗലി പിളർക്കൂ–

പൊട്ടിവരട്ടെ
പുത്തൻ കതിരുകൾ
ഇത്തിരിവെട്ടം കിട്ടട്ടെ
ഇവിടിത്തിരിവെട്ടം കിട്ടട്ടെ.

ഡോക്ടറോട്

രചന ; ബ്രെതോൾത് ബ്രഹ്ത്
വിവ: മുല്ലനേഴി

ഹേ ഡോക്ടർ,
    എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ടീ ഞങ്ങൾ
    രോഗികളാകുന്നു
    മാറാരോഗികളാകുന്നു.
തമ്പുരാനേ, ഡോക്ടർ തമ്പുരാനേ
ഞങ്ങടെ രോഗമതങ്ങുന്നുമാററുമന്നെല്ലാരും ചൊല്ലുന്നൂ.

എല്ലുടച്ച് വേർപ്പൊഴുക്കി പണിയാളരൊരുക്കിയ
പടുകൂററൻ കോളജിൽ പഠിച്ചോനല്ലേ, തങ്കം—
പഠിച്ചോനല്ലേ.
പാവങ്ങൾ ഞങ്ങളേകിയ നികുതിപ്പണത്താലേ
നേടിയോരന്തസ്സിൻെറയുടമയല്ലേ താങ്കൾ മാന്യനല്ലേ
രോഗമെന്തെന്നറിയാനും രോഗമെല്ലാമകററാനും
കഴിയുമല്ലോ—
പക്ഷേ, കഴിയുമോ?
കൂനിക്കുരച്ചു കുരച്ചുവരുമ്പോൾ
കുപ്പായമൂരുന്നു—നീയെൻെറ
കുപ്പായമൂരുന്നു—കീറിയ
കുപ്പായമൂരുന്നു.
രോഗംവരാനുള്ള കാരണമെന്തെന്നു
മെയ്യിൽപ്പരതുന്നു—നീ
ആകെപ്പരതുന്നു.

പഴകിപ്പിന്നിയ കുപ്പായം
പറയുന്നില്ലേ—കാരണ—
മറിയുന്നില്ലേ.

പൊടിയുന്നു കീറുന്നു കുപ്പായം—ഒപ്പം
ഉടലുമുടയുന്നു—ഞങ്ങടെ
ഉടലുമുടയുന്നു.
കണ്ണടയ്ക്കുന്നവരതിൻെറ കാരണം
കാണുകയില്ലല്ലോ.
തോളത്തുവേദന വന്നതു രാത്രിയിൽ
മഞ്ഞത്തു കിടന്നിട്ടാണെന്നു നീ
അതുമൊരു കാരണമാവാം, പക്ഷേ
അതെന്തുകൊണ്ട്?

മഞ്ഞിനുനെഞ്ഞില്ലല്ലോ
ഞങ്ങളോടെതിരില്ലല്ലോ.
അരവയർപോലും നിറയില്ല
അധ്വാനത്തിനു കുറവില്ല.

തമ്പുരാൻ തന്നൊരു ചീട്ടിലെന്തുണ്ട്
തുമ്പപ്പൂച്ചോറിന്റെ വമ്പുണ്ട്.

മഴയൊട്ടും കൊള്ളരുത്
മഞ്ഞത്തു കിടക്കരുത്
അങ്ങനെ പിന്നിങ്ങനെ പി–
ന്നങ്ങനെ പിന്നെങ്ങനെ?

പാവങ്ങളെപ്പരിശോധിക്കാൻ
നേരമില്ലെന്നോ?
നിൻമണിമച്ചിലെ നീലവിരിപ്പുകൾ
എങ്ങനെയുണ്ടായി?
ആയിരമായിരം പാവങ്ങളേകിയ
ഫീസുകൊണ്ടുണ്ടായി.

സോക്ടർ; സുഹൃത്തുക്കളെ,
ഞാനിതിൽ കുററക്കാരനല്ല
സത്യം, സത്യം, സത്യം,

മാളികവിട്ടുനീ കെട്ടിമേയാത്തൊരു
കൂരകളിലേക്ക് വന്നാൽ
മഴയിൽ കുതിർന്ന മൺചുവരുകൾ പറയുന്ന
മറെറാരു ചിത്രം കാണാം.
മറെറാരു സത്യം കാണാം.

അറിയാം ഞങ്ങൾക്കറിയാമെല്ലാ—
മതിനാൽ ഞങ്ങൾ വരുന്നു.
അറിയാം ഞങ്ങൾക്കറിയാമെല്ലാ—
മതിനായ് ഞങ്ങൾ വരുന്നു.
നല്ലൊരുടുപ്പും നല്ലകിടപ്പും
നല്ലാഹാരവുമെല്ലാമെല്ലാ—
മുള്ളൊരുലോകം പണിയാൻ
അറിയാം ഞങ്ങൾക്കറിയാം.
അതിനായ് ഞങ്ങൾവരുന്നു.

ഹിരോഷിമ

എം. കൃഷ്ണൻകുട്ടി

നരേററർ;

ഹിരോഷിമ ചരിത്രത്തിന്റെ നാൽക്കവലയിൽ വെളുത്ത ശവക്കച്ചയണിഞ്ഞ് മനുഷ്യരാശിയെ തുറിച്ചുനോക്കുന്ന ഹിരോഷിമ യുദ്ധദുർമ്മോഹികളുടെ നരകപാപത്തിന്റെ കറുത്ത രക്തസാക്ഷി. കാലത്തിന്റെ നെറുകയിൽ ഉണങ്ങാത്ത വ്രണം ഹിരോഷിമ—

ഹിരോഷിമ...ഇതു ഹിരോഷിമ.
ഹിരോഷിമ...ഇതു ഹിരോഷിമ
യുദ്ധത്തിന്റെ കൊടും തീയിൽ
കത്തിയമർന്ന ഹിരോഷിമ
ആററംബോമ്പിൻ കരാള ദംഷ്ട്രം
കടിച്ചു കീറിയ ഹിരോഷിമ
ഹിരോഷിമ ഇതു ഹിരോഷിമ

1945 ആഗസ്ററ് 9

രണ്ടാം ലോക മഹായുദ്ധം അതിന്റെ എല്ലാ ബീഭത്സഭാവങ്ങളോടെ ചുടലനൃത്തം ചവിട്ടുമ്പോഴ ഏതു നിമിഷവും തങ്ങളുടെ നാടിനുമേൽ ഒരു നടുക്കംപോലെ വീണ് ചുട്ടെരിക്കുന്ന ബോമ്പുകളെ പ്രതീക്ഷിച്ചു കഴിയുന്ന ഹിരോഷിമയിലെ സാഞ്ചുവോ പാലത്തിനടുത്ത് അതാ ഒരു കൊച്ചു പെൺകുട്ടി

ലോകത്തിൻ താമസഭാവങ്ങഴ
നേരിട്ടറിയാത്തൊരു ലോല—അതിലോല
ഒരു പൂവിതഴപോൽ ഇരുളിൽ തൊണ്ടയിൽ
ഒരു കുഞ്ഞുനിലാവവഴ ലോല
അവളൊരു കൊച്ചു കിലുക്കാം പെട്ടി
കൈയിൽ പാവക്കുട്ടി

പണിശാലയിൽ നിന്നെത്തും അപ്ഫനു്
അവളൊരു പ്രിയ പുത്രി
കൊല്ലരുതെൻ പാവക്കുഞ്ഞിനെ
കല്ലെറിയരുതിനിയുമെറിഞ്ഞാൽ
കൊല്ലും ഞാൻ നിന്നെയുമവളുടെ—
എല്ലിച്ച കരങ്ങൾ നീണ്ടു.
വെട്ടിത്തിളങ്ങുന്നൊരായിരം സൂര്യൻമാർ
ഉജ്ജ്വലിക്കുന്ന പ്രകാശഘോഷം.

യുദ്ധം തീർന്നു. ആരോ ജയിച്ചു ആരോ തോററു. പക്ഷേ, ചരിത്രത്തിൻെറ നാൽക്കവലയിൽ വെളുത്ത ശവക്കച്ചയണിഞ്ഞു് ഹിരോഷിമ ഇന്നും കണ്ണീർ ചൊരിയുന്നു. എല്ലാ യുദ്ധങ്ങൾക്കും എതിരായുള്ള കർശനമായ താക്കീത്. സമാധാനത്തിനുവേണ്ടിയുള്ള മനുഷ്യത്വത്തിൻെറ നിലവിളി. അതാ, ആ ശബ്ദം നിങ്ങൾ കേൾക്കുന്നില്ലേ.

ഞങ്ങൾക്കു് യുദ്ധം വേണ്ട
ഞങ്ങൾക്കു് യുദ്ധം വേണ്ട.